**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 421** **05-07-2024 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത യാഥാർത്ഥ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിലേക്കുള്ള നിർദിഷ്ട റെയിൽവേ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | 1997-98 വർഷത്തെ റെയിൽവേ ബജറ്റിലാണ് 110 കിലോമീറ്റർ ദൈർഘ്യമുള്ള അങ്കമാലി എരുമേലി - ശബരി റെയിൽ പദ്ധതി ആദ്യമായി നിർദേശിക്കപ്പെടുന്നത്. പി.എം.ഒ - പ്രോ ആക്ടീവ് ഗവേൺസ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ (പ്രഗതി) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിയുടെ പുരോഗതി പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ വരുന്നതും ചിലവ് പൂർണ്ണമായും റെയിൽവേ വഹിക്കേണ്ടതുമായിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി അങ്കമാലി മുതൽ കാലടി വരെയുള്ള നിർമ്മാണ പ്രവൃത്തികൾ റെയിൽവേ പൂർത്തിയാക്കിയിരുന്നെങ്കിലും കമ്മീഷൻ ചെയ്തിരുന്നില്ല. തുടർന്ന് ഈ പദ്ധതി ലാഭകരമമല്ലെന്നു കണ്ടതിനാൽ തുടർ നടപടികൾ റെയിൽവേ നിർത്തിവച്ചിരുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന ആവശ്യം റെയിൽവേ മുന്പോട്ട് വച്ചു. പദ്ധതിയുടെ ആവശ്യകത മുൻനിറുത്തി, സംസ്ഥാന സർക്കാർ പദ്ധതി ചിലവിന്റെ 50 ശതമാനം വഹിക്കുന്നതിനുള്ള സന്നദ്ധത റെയിൽവേ ബോർഡിനെ അറിയിച്ചിരുന്നെങ്കിലും പദ്ധതി നിർത്തിവയ്ക്കാൻ റെയിൽവേ ബോർഡ് ദക്ഷിണ റെയിൽവേക്ക് നിർദേശം നൽകുകയുണ്ടായി.<br><br>പിന്നീട്, പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനും റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ്പുതുക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. നിലവിൽ പദ്ധതി മരവിപിച്ചതിനാൽ മറ്റ പുരോഗതി ഒന്നും |

| | | | |
|---|---|---|---|
| | | | തന്നെ ഉണ്ടായിട്ടില്ല. അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചു വരികയാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 3811 കോടി രൂപയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. എസ്റ്റിമേറ്റ് തുകയിൽ 36% വർദ്ധനവാണുണ്ടായിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം മൂലമാണ് എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയായത്. ഇതു കാരണം സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടായിരിക്കുന്നു. കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അവകാശപ്പെട്ട വരുമാനം പോലും നിഷേധിക്കുന്ന സാഹചര്യത്തിൽ, കേന്ദ്രത്തിന്റെ അനാസ്ഥ വഴി സംഭവിക്കുന്ന അധിക ബാധ്യതയും സംസ്ഥാനം വഹിക്കണമെന്നാവശ്യപ്പെടുന്നത് അന്യായമാണ്.<br><br>പദ്ധതി പുനരുജ്ജീവിപ്പിക്കണമെന്നും കെ.ആർ.ഡി.സി.എൽ തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആറിനും എസ്റ്റിമേറ്റിനും അംഗീകാരം നൽകണമെന്നും സംസ്ഥാന റെയിൽ വകുപ്പ മന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ മന്ത്രിയോട് കത്തുകളിലൂടെയും കൂടികാഴ്ചകളിലൂടെയും പലതവണ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പാർലമെന്റ് സമ്മേളനങ്ങൾക്കു മുന്നോടിയായി നടത്തിവരാറുള്ള എം.പി മാരുടെ സമ്മേനങ്ങളിലും ശബരി അങ്കമാലി റെയിൽവേ പദ്ധതി മുഖ്യ അജണ്ടയായി ഉൾപ്പെടുത്തി എംപിമാർ വഴി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | അങ്കമാലി - എരുമേലി - ശബരി റെയിൽ പദ്ധതി പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയാണ്. എസ്റ്റിമേറ്റ് പുതുക്കാനും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കാനും മാത്രമാണ് നിലവിൽ റെയിൽവേ ബോർഡ് കെ.ആർ.ഡി.സി.എല്ല്-നെ ചുമതലപ്പെടുത്തിയിട്ടു ള്ളത്. ഇതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും ദക്ഷിണ റെയിൽവേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിലവിൽ റെയിൽവേ മരവിപ്പിച്ചിരിക്കുകയാണ്. അങ്കമാലി - എരുമേലി - ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചു വരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും |

| | | | |
|---|---|---|---|
| | | | ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. റെയിൽവേ ബോർഡ് പദ്ധതി പുനരജ്ജീവിപ്പിച്ചാൽ മാത്രമേ പദ്ധതിയുടെ തുടർ നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ